പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 892 — 29/09/2011 -ൽ മറുപടിക്ക്

## ഓണപരീക്ഷയും ക്രിസ്തുമസ് പരീക്ഷയും

| ചോദ്യം<br>ശ്രീ. വി.എസ്. സുനിൽ കുമാർ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പൊതുവിദ്യാലയങ്ങളിൽ ഓണ പരീക്ഷയും, ക്രിസ്തുമസ് പരീക്ഷയും പുന:സ്ഥാപിക്കുന്നതിനുള്ള അക്കാദമിക കാരണങ്ങൾ വ്യക്തമാക്കാമോ ; | (എ) | ഓണപ്പരീക്ഷയും ക്രിസ്തുമസ് പരീക്ഷയും ആത്യന്തിക മൂല്യനിർണ്ണയത്തിന്റെ (സമ്മേറ്റീവ് ഇവാല്യുവേഷൻ) സ്വഭാവമുള്ളവയാണ്. മത്സരപരീക്ഷകളോടും വിധി നിർണയിക്കുന്ന പരീക്ഷകളോടുമുള്ള പ്രിയം സമൂഹത്തിൽ കൂടി വരുകയാണ്. സാമൂഹികമായ ആവശ്യം പരിഗണിച്ചാണ് ഓണപ്പരീക്ഷ നടത്താൻ തീരുമാനിച്ചത്. പരീക്ഷകളുടെ പേരിൽ പഠനസമയം കൂടുതൽ നഷ്ടപ്പെടാത്ത തരത്തിലാണ് ഈ പരീക്ഷ ക്രമീകരിച്ചിരുന്നത്. പത്താം ക്ലാസ്സിലെ മാറിയ പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ പഠനത്തിന് ദിശാബോധം നൽകാൻ സഹായിച്ചിട്ടുണ്ട്. |
| (ബി) | എസ്.സി.ഇ.ആർ.ടി.യോ കരിക്കുലം കമ്മിറ്റിയോ ഇത്തരമൊരു ശുപാർശ സമർപ്പിച്ചിട്ടുണ്ടോ ; | (ബി) | സമർപ്പിച്ചിട്ടില്ല. |
| (സി) | ടെർമിനൽ പരീക്ഷകളിൽ മാത്രം ഒതുങ്ങാതെ നിരന്തര മൂല്യ നിർണ്ണയത്തിന് പ്രാധാന്യം നൽകണമെന്ന് എസ്.സി.ഇ.ആർ.ടി.യുടേയും കരിക്കുലം കമ്മിറ്റിയുടേയും തീരുമാനം വീണ്ടും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | സ്കൂൾ വിദ്യാഭ്യാസത്തിൽ പരീക്ഷകളുടെ അമിത പ്രാധാന്യം കുറയ്ക്കണമെന്ന കാഴ്ചപ്പാട് ദേശീയതലത്തിൽതന്നെ രൂപപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണങ്ങളും വിവിധതലങ്ങളിലുള്ള ചർച്ചകളും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ